so that the boats may be exempt from these dues, in view of the hardship they are put to at present?

**Mr. V. K. Aravindaksha Menon.**—On account of the great responsibilities which rest on them, the Municipalities would object to any reduction in their income.

**Mr. George Parakkal.**—My question is more for the Government than for the Member for Engineering and my question is whether the Government will be prepared to amend the municipal law.

**Mr. V. K. Aravindaksha Menon.**—I was saying on behalf of the Government.

**Mr. George Parakkal.**—In this Council, situated as at present, I dare not press this resolution. The boat owners are not making any profits out of their running and all these boat owners are on the verge of ruin. Government also encouraged a union of the boat owners to avert further losses to them. But in this instance I am sorry that the Government are not prepared to amend the Municipal law so that these boat owners will be relieved of their distress. As the Council consists of not many members, I beg leave of the house to withdraw the motion.

*Resolution was, by leave, withdrawn.*

## 23. Declaration of the Samadhi day of Thunchath Ezhuthachan as a Public holiday.

**Mr. A. Narayana Menon.**—"*This Council recommends to the Government of Cochin to declare the Uthram star day in the month of Dhanu, every Malayalam year, a public holiday being the Samadhi day of Thunchath Ezhuthachan to enable Hindus to observe and celebrate the Thunchath Acharya Jayanthi on that day.*"

സർ, കേരളമൊട്ടുക്ക് ആദ്ധ്യാത്മീക ജീവിതത്തിൽ ആരെങ്കിലും ഒരാൾ എന്തെങ്കിലുമൊന്ന ചെയ്തിട്ടുണ്ടെങ്കിൽ അത് തീർച്ചായായും തുഞ്ചത്തെഴുത്തച്ഛനാണ്. പ്രഥമസ്ഥാനം അദ്ദേഹത്തിനതന്നെയാണ്. അദ്ദേഹത്തിന്റെ പേര് നിലനിർത്തുവാനും അദ്ദേഹത്തിന്റെ സ്മാരകമന്ദിരം വേണ്ടവിധത്തിൽ കൊണ്ടാടുവാനും ഹിന്ദുക്കൾക്ക ആനുകൂല്യം ചെയ്തുകൊടുക്കണമെന്നാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശം. ആദ്ധ്യാത്മികജീവിതകാര്യത്തിൽ കേരളീയർക്ക സംസ്കാരം കൈവരുത്തിയതിൽ അച്ഛനോടു സകല കേരളീയനും കടപ്പെട്ടാണിരിക്കുന്നത്. ജാതിഭേദമെന്യേ സകല ജാതിക്കാർക്കും അദ്ദേഹത്തിന്റെ കൃതികളെ, ഭാഷാശുദ്ധികൊണ്ടോ അല്ലെങ്കിൽ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

തത്വങ്ങൾ വളരെ ഭംഗിയായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടോ ഇന്നും വായിച്ചുപോരുന്നുണ്ട്. അദ്ദേഹത്തെ ഒരവതാരപുരുഷനായി ഹിന്ദുക്കൾ സ്വീകരിച്ചിട്ടുള്ളതിന്ന് ചിറ്റൂര് തുഞ്ചത്തുമഠം സ്ഥാപിച്ചു പൂജിച്ചു വരുന്നുണ്ട് എന്നതു് ദൃഷ്ടാന്തം വഹിക്കുന്നു. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ അനുയായികളായിട്ട് അനേകം ശിഷ്യന്മാരുണ്ടായിരുന്നു. ആദ്യകാലം മുതൽതന്നെ അദ്ദേഹം ആരാദ്ധ്യനായിരുന്നു. ആദ്ധ്യാത്മിക ജീവിതവിഷയങ്ങൾക്ക് നമ്മുടെ വിദ്യാലയങ്ങളിൽ വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല എന്ന സംഗതി ആലോചിച്ചും, ഈ പ്രമേയം സ്വീകരിച്ചാൽ നമുക്ക് ആ ഒരു കോട്ടം എത്രകണ്ട് തീർക്കാമെന്ന വാസ്തവം ചിന്തിച്ചും നാം ഔചിത്യബുദ്ധിയോടെ പ്രവർത്തിക്കേണ്ടതാണ്. അടുത്തകാലത്തു ശ്രീനാരായണ ഗുരുസ്വാമികളുടെ ശ്രാർദ്ധദിനം ആഘോഷിക്കുവാൻ അദ്ദേഹം ജനിച്ചുവളർന്ന ആ സമുദായക്കാർക്ക് ഒഴിവു കൊടുത്തിട്ടുണ്ട്. തുഞ്ചത്താചാര്യനെ ബ്രാഹ്മണനായാലും വേണ്ടതില്ല, ക്ഷത്രിയനായാലും വേണ്ടതില്ല, ഈഴവനായാലും വേണ്ടതില്ല, നായരായാലും വേണ്ടതില്ല, എല്ലാവരും ആചാര്യനായിട്ടാണ് സ്വീകരിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ സമാധിദിനം ഒരു ഒഴിവുദിവസമായിട്ടു തീർച്ചയാക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ഉദ്ദേശം. തുഞ്ചത്താചാര്യനെപ്പറ്റി കൂടുതലായി ഒന്നും ഞാൻ പറഞ്ഞു് സംസ്കൃത മാനസരായ ഈ യോഗാംങ്ങളെ അപമാനിക്കുന്നില്ല. ഇതു് എല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്.

**Mr. M. A. Sankunni.**—I second it.

**Mr. George Parakkal.**—Will the Government be able to inform the House whether there have been any instances of Thunchath Ehzuthachan day being celebrated in Malabar ?

**Mr. A. Narayana Menon.**—In Chittur they celebrate the Sradha day regularly. For the last 15 years in several parts of Kerala, in Travancore and in some parts of Cochin it is being celebrated. I have got authentic information of it from the authorities of the Thunchath Ezhuthachan Madhom in Chittur of which the ex-member of this Council Mr. Sivarama Menon is now the President. I may also say that the premier poet of Malabar, Mr. Ullur Parameswara Ayyar to whom I referred the matter wrote to me that it is only proper that we commemorate the name of such an outstanding personality who has contributed much to the advancement of Malayalam and particularly to the moral and religious side of it.

**Mr. George Parakkal.**—Sir, I sympathise with the resolution, but I am unable to accept it; because if we are going to celebrate the days of a good number of persons of Kerala like

LIBRARY ARCHIVES Kerala Legislative Assembly

this, the number of days in the calender will be exhausted. If it is a sacred day for the Hindus, it may be a special holiday for them. The others may be excluded.

**Mr A. V. Moothedan.**—I do not oppose the resolution, nor do I accept it. The resolution may be discussed when all our colleagues are present. I would suggest to the Hon'ble Member to bring this resolution on another occasion.

**Mr. T. S. Narayana Ayyar.**—Government Members will not take part in the discussion but will watch the sense of the House and its decision on this question.

മിസ്റ്റർ സി. എസ്സ്. വിശ്വനാഥയ്യർ.— സർ, ഈ ആചാര്യജയന്തി എന്നു പറയുന്നതു് എന്താണു്? ജനിച്ച ദിവസം ഏതാണെന്നറിഞ്ഞാൽ അതു് ആഘോഷിക്കേണ്ടതാണു്. മരണദിവസത്തിലാണോ അദ്ദേഹം ജനിച്ചതു്? ആചാര്യന്റെ ജയന്തിയാകുമ്പോൾ ആഘോഷിക്കേണ്ടതു് അത്യാവശ്യമാണു്. Birth year അറിയാതെ ജയന്തി കണക്കാക്കുന്നതു് അബദ്ധമാണു്. അദ്ദേഹത്തിന്റെ ജനനദിവസം ആരും ആഘോഷിക്കുന്നില്ല എന്നു് എനിക്കറിയാം. ജനനദിവസം അറിഞ്ഞാൽ ആ ദിവസം ആഘോഷിക്കേണ്ടതാണു്. മരണദിവസത്തെ എങ്ങിനെയാണു് ജയന്തിദിവസമായിട്ടു കൊണ്ടാടുന്നതെന്നു് എനിക്കറിഞ്ഞുകൂടാ.

മിസ്റ്റർ എ. നാരായണമേനോൻ— സർ, ജയന്തിപദം ഉപയോഗിച്ച കാര്യത്തിൽ എന്റെ മാന്യ സ്നേഹിതൻ തെറ്റിദ്ധരിച്ചതായിട്ടു കാണുന്നുണ്ടു്. ജയന്തിപദം പ്രമേയത്തിൽ വന്നതിനെ സംബന്ധിച്ചു ഗോമതി കടലാസ്സിൽ എന്തൊക്കെയോ എഴുതിക്കണ്ടു. കഴമ്പില്ലാത്ത ഒരു വാദത്തിൽ ചെന്നു ചാടുന്നതു് അനുചിതമെന്നു വിചാരിച്ചു് അതിനെപ്പറ്റി അന്നു മിണ്ടാതിരുന്നുവെന്നേയുള്ളൂ. ഇതിനെപ്പറ്റി ചില പണ്ഡിതന്മാരോടു ചോദിച്ചതിൽ ശ്രീകൃഷ്ണന്റെ ജനനദിനത്തിനുമാത്രം 'ജയന്തി'യെന്നുപയോഗിക്കയായിരുന്നു അല്പകാലത്തെ പതിവു്. എന്നാൽ പിന്നീടു് അതിന്റെ ഉപയോഗം വിപുലമായിട്ടുണ്ടു്. അതു സാഹിത്യദൃഷ്ട്യാ ശരിയല്ലെങ്കിലും ഉപയോഗംകൊണ്ടു് സാധുതവന്നിട്ടുണ്ടു് എന്നാണു പറഞ്ഞതു്. ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾക്കു് എഴുതി അയച്ചപ്പോൾ ശ്രീകൃഷ്ണന്റെ ജനനദിവസത്തിനാണു ജയന്തിയെന്നു പറയേണ്ടതു്; ബാക്കിയുള്ളവരുടെ മരണദിവസത്തെ ഉദ്ദേശിച്ചും ജനനദിവസത്തെ ഉദ്ദേശിച്ചും ഇതു പറയുവാൻ പാടില്ല എന്നു ശഠിക്കാൻ ഇന്നുള്ള ഉപയോഗം അനുവദിക്കുന്നില്ല എന്നാണു് അറിയിച്ചതു്. ഹിന്ദുക്കൾ ശ്രാദ്ധദിനത്തിനാണു് സാധാരണയായി പ്രാധാന്യം കൊടുക്കുന്നതു്, എഴുത്തച്ഛന്റെ ജനനദിനമറിയാത്ത സ്ഥിതിക്കു് അതു, ശ്രാദ്ധദിനത്തിനുള്ള പ്രാധാന്യം ഓർത്തും

LIBRARY ARCHIVES Kerala Legislative Assembly

ഏഴത്തച്ഛന്റെ ശ്രാദ്ധദിനത്തിന് ജയന്തി എന്ന ഉപയോഗിച്ചാൽ തെറ്റില്ല, അത് ഉചിതവുമായിട്ടുണ്ട് എന്ന് അദ്ദേഹം എഴുതി അയച്ചിട്ടുണ്ട്. ഈ പദം ഉപയോഗിച്ചതിൽ തെറ്റുണ്ടെന്നതന്നെ വെക്കുക. എന്നാൽ ആ കാര്യമല്ല നോക്കേണ്ടത്. പ്രമേയത്തിന്റെ അന്തരാർത്ഥമാണ് നോക്കേണ്ടത്. ആദ്ധ്യാത്മിക ജീവിതത്തിന് വരുത്തിയ ഉണർവ്വിനും ഉയർച്ചക്കുംവേണ്ടി എഴുത്തച്ഛനെ പലരും ആരാധിച്ചുവരുന്നു. അദ്ദേഹത്തിന് വളരെ ശിഷ്യന്മാരുണ്ടായിരുന്നു. ഇന്നും അദ്ദേഹത്തെ നമ്മൾ മറന്നിട്ടില്ല മറക്കുകയുമില്ല. അദ്ദേഹത്തിന്റെ ശ്രാദ്ധദിനം ആഘോഷിക്കേണ്ട തരത്തിലായതുകൊണ്ട് ഈ പ്രമേയം വഴിയായി നാം സ്വീകരിക്കേണമെന്നു ഞാൻ വാദിക്കുന്നത്.

ഗവൺമെണ്ട് ഇതിൽ ഭാഗഭാക്കാകുകയില്ലെന്നു പറഞ്ഞതുകൊണ്ട് ഗവൺമെണ്ട് ഇതിൽ പ്രതികൂലകക്ഷിയല്ലെന്നു ദൃഷ്ടാന്തമായിട്ടുണ്ട്. ചാലക്കുടി മെമ്പർ അവർകൾ പറഞ്ഞ മാതിരി ഇവിടെ അനുദ്യോഗസ്ഥ അംഗങ്ങൾ പലരും ഇല്ലാത്തതുകൊണ്ട് ഇപ്പോൾ ഇതു പ്രസ്സ് ചെയ്യുന്നില്ല.

*Resolution was, by leave, withdrawn*

## 24. The necessity for a High School in Mattancheri.

**Mr. Popatlal Goverdhan Lalan.**— "*This Council recommends to the Government to take immediate steps to provide a High School in Mattancheri, for the use of all castes*".

സർ, ഈ പ്രമേയം വായിച്ചാൽ ഇതിന്റെ ഉദ്ദേശം എന്താണെന്നു മനസ്സിലാകുന്നതാണ്. മട്ടാഞ്ചേരിയിൽ ഒരു പബ്ലിക്ക് ഹൈസ്കൂൾ വേണമെന്നു വളരെക്കാലമായി ആവശ്യപ്പെട്ടു തുടങ്ങീട്ടുണ്ട്. കരയാത്ത കുട്ടിക്കു പാൽ ഇല്ലെന്നു വിചാരിച്ചു കരയാതിരിക്കാമോ? ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു ഞങ്ങളുടെ ആവശ്യം പറയേണ്ട ചുമതലയുണ്ടെന്നു വിചാരിച്ച് ഒന്നുകൂടി ഇവിടെ കരയുകയാണു ചെയ്യുന്നത്. പക്ഷെ ഉദ്യോഗസ്ഥമെമ്പർമാരിൽനിന്നു മട്ടാഞ്ചേരിക്കു വല്ല ആനുകൂല്യവുമുണ്ടാകുമെന്നു തോന്നുന്നില്ല. നാല്പതിനായിരം ജനങ്ങൾ താമസിക്കുന്നതും വാണിജ്യകേന്ദ്രവുമായ മട്ടാഞ്ചേരിയിൽ ഗവൺമെണ്ടിൽനിന്നും ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിന് ഇതുവരെയും ചിന്തിച്ചുകാണാത്തതിൽ വളരെ സങ്കടപ്പെടുന്നു. (ചിരി) മട്ടാഞ്ചേരി വളരെ പരിഷ്കൃതമായ ഒരു പട്ടണമായി തീർന്നിരിക്കുന്നു എന്നും മറ്റും ഗവൺമെണ്ടു വ്യാഖ്യാനിക്കാറുണ്ട് നാലാംക്ലാസ്സു പണി സമീപിച്ചു. ഗവൺമെണ്ടു ഖജനാവിൽ അനേകായിരം ഉറുപ്പിക കൊണ്ടുവരുന്ന ഒരു പട്ടണമായിത്തീർന്നിരിക്കുന്ന മട്ടാഞ്ചേരി. എന്നാൽ ഗവൺമെണ്ട് പണം അവിടെനിന്നു വലിച്ചു് എടുക്കുകയല്ലാതെ അവിടെ ഒന്നും ചിലവുചെ

LIBRARY ARCHIVES Kerala Legislative Assembly